# കർണ്ണഭൂഷണം (ഖണ്ഡകാവ്യം)

രചന: ഉള്ളൂർ എസ്. പരമേശ്വരയ്യർ (1929)

https://ml.wikisource.org/wiki/Karnabhooshanam

# മുഖവുര

'അന്നും ഇന്നും' എന്ന എന്റെ ഒരു ചെറിയ ഭാഷാ കൃതി 'ഉണ്ണിനമ്പൂരി' മാസികയിൽ ഞാൻ ആദ്യമായി പ്രസിദ്ധപ്പെടുത്തിയപ്പോൾ അതു വായിച്ച ചില സാഹിത്യ രസികന്മാർ ആ കൃതിയിൽ സൂചിപ്പിക്കുക മാത്രം ചെയ്തിട്ടുള്ള പുരാണപുരുഷന്മാരിൽ ഒരു മഹാത്മാവിന്റെ ഒരപദാനത്തെയെങ്കിലും സാമാന്യമായി പ്രപഞ്ചനം ചെയ്ത് ഒരു കവിത നിർമിച്ചു കണ്ടാൽ കൊള്ളാമെന്ന് എന്നോട് അപേക്ഷിക്കുകയുണ്ടായി. അവരുടെ ആകാംക്ഷയെ പൂരിപ്പിക്കുന്നതിനു വേണ്ടിയാകുന്നു കല്യാണകൃത്തായ കർണ്ണന്റെ കവചകുണ്ഡലദാനോദ്യമത്തെ വിഷയീകരിച്ചുള്ള "കർണ്ണഭൂഷണം" എന്ന ഈ ഖണ്ഡകാവ്യം ഞാൻ രചിക്കുവാൻ ഒരുമ്പെട്ടത്. വിശ്വവിദിതമായ ഒരു പുരാവൃത്തത്തിന്റെ ഉദ്ദേശരഹിതമായ ഏതോ പുനരാഖ്യാനം മാത്രമാണ് ഈ കൃതി എന്നു നാമശ്രവണത്തിൽ തോന്നുമെങ്കിലും വാസ്തവം അങ്ങനെയല്ലെന്നുള്ളതു വായനക്കാർക്കു വേഗത്തിൽ മനസിലാക്കുവാൻ കഴിയും. ഇത്തരത്തിലുള്ള ഒരു പ്രസ്ഥാനം വങ്ഗസാഹിത്യത്തിലും മറ്റും ഇപ്പോൾ ലബ്ധപ്രതിഷ്ഠമാണ്.

പരമപാവനിയായ കൈരളീദേവിയുടെ പാദപത്മങ്ങളിൽ ഭക്തിപുരസരം സമർപ്പിക്കുന്ന ഈ കവനകുസുമത്തെപ്പറ്റി എനിക്ക് ഇതിലധികമായി ഒന്നും ഉപക്രമണികാ രൂപത്തിൽ പ്രസ്താവിക്കേണ്ടതില്ല. ഭാരതീയരുടെ പ്രാക്തനങ്ങളായ പരമാദർശങ്ങൾ ജയിക്കട്ടെ; ഭഗവാൻവേദവ്യാസമഹർഷിയുടെ ഭാരതീവിലാസത്തിനു വീണ്ടും വീണ്ടും നമസ്കാരം, വന്ദേമാതരം.

തിരുവനന്തപുരം.

1-1-1104 ഉള്ളൂർ എസ്. പരമേശ്വരയ്യർ

I

ആ രാത്രി ചോരാറായ് വാസരശ്രീയോടു

സൂരജ് വിണ്ണാറോടെന്നപോലെ.

തൂമയിൽ തൻവസു തൂകാററായ് മേൽക്കുമേൽ

ധാമനിധിയായായ ദേവൻ വീണ്ടും.

ചോപ്പങ്കവാൽതൊപ്പി ചാർത്തിന മൗലികൾ

മേല്പോട്ടു നീട്ടിക്കൊണ്ടങ്ങുമിങ്ങും.

ഉച്ചത്തിലചാരവാക്കോതി ലാത്തുന്നു

നൽചരണായുധർ നാഗരിഗർ

വേതനത്തിന്നോരോ രാജന്യസ്തോത്രങ്ങൽ

സാധകം ചെയ്യുതാം ജിഹ്വകളെ

ധന്യകളാക്കുന്നു തങ്ങൾക്കു യോജിച്ച

മന്നനെ വാഴ്ത്തുന്ന സൂതവര്യർ.

II

പന്ത്രണ്ടു വത്സരം ലുബ്ധമായ് മേവിന

പർജ്ജന്യപങ്ക്തിക്കു പണ്ടേപ്പോലെ

ഏവനെദ്ദർശിച്ച മാത്രയിൽ പിന്നെയും

കൈവന്നു ദാനധർമ്മാവബോധം:

ആദ്ദിവ്യൻ-ഉണ്ണുകയല്ലാതെ യൂട്ടുക-

യോർത്തുമേ കാണാത്ത പാവകനെ

പായസപീയൂഷപ്പാൽക്കടലാക്കിന

വാചംയമാഗ്രിമൻ-ഋശ്യശൃംഗൻ

മേളിച്ച നാൾമുതൽ മങ്ഗലദേവത

ലാളിച്ചുപോറ്റീടുങ്ഗഭൂവിൽ,

മുന്നാളിൽ വഞ്ചിച്ച കൊണ്ടലിൻ മൈത്രിയെ-

യെന്നാളും ശോധിപ്പാനെന്നപോലെ

അംബരം മുട്ടുന്നോരാകാരമേന്തിന

പൊന്മണിമാളികതൻ നടയിൽ,

എത്തിപ്പോയല്ലോ നാം ഈ നൽകണ്ണാമൃത-

മദ്ദിക്കിൽനിന്നല്ലോ കേട്ടിടുന്നു.

III

കേറീടാമങ്ങതിനുള്ളില്ലോരോമന-

നീരാളമെത്തമേൽ നിദ്രകൊൾവോൻ

ധാത്രിക്കു മുത്തിനായ് ദാനനീർ വാർക്കുന്ന

പാർത്ഥിവകുഞ്ജരർക്കഗ്രഗാമി.

അഞ്ചിതമാകും തന്നങ്ഗത്താലാമഞ്ജു-

മഞ്ചത്തെത്താഴ്ത്തിന മാനവേന്ദ്രൻ.

ചെങ്കതിരോനിൽനിന്നങ്കുരിച്ചീടിന

മംഗല്യധാമാവാം മാണവകൻ

നീളെത്താൻ പ്രാശിച്ച ലോകത്തിൻ ദൈന്യമാം

ക്ഷ്വേളത്തിൻ രൂപത്തിലപ്പുമാനിൽ

കഞ്ജാതലോലംബകമ്രമായ് മിന്നുന്നു

വിൽഞാൺതഴമ്പണി പാണിയിങ്കൽ.

മണ്ഡലം വയ്ക്കുമാ രാജാവിൻ കർണ്ണങ്ങൾ
മണ്ഡനംചെയ്തിടും കുണ്ഡലങ്ങൾ

സേവിപ്പുപാർശ്വത്തിൽ തദ്വക്ത്രചന്ദ്രനെ
ശ്രീവിശാഖോഡുക്കളെന്നപോലെ.

തൂശിതുളച്ചവയല്ലാശ്രുതികൾ; ആ
ബ്ഭൂഷകൾ കാരുക്കൾ തീർത്തതല്ല;

ആഹാര്യഭാവത്താലാവിലമല്ലേതു-
മാഗർഭാധാനം തത്സാഹചര്യം.

അമ്മട്ടിൽ മാറിലുമമ്മഹാൻ ചാർത്തുന്നു
പൊന്മയമായോരു പോർക്കവചം

വീരശ്രീദേവിതന്നന്തഃപുരത്തിന്നു
ചേരും യവനികയെന്നപോലെ,

ശുദ്ധാന്തമുഗ്ദ്ധകളക്കർണ്ണഭൂഷകൾ
പൊത്താനായ് നീട്ടിന കൈകൾ രണ്ടും

ഇക്കഞ്ചുകം കണ്ടു നാണിച്ചു തങ്ങൾക്കു-
ള്ളക്ഷികൾ മൂടുവാൻ പൊക്കുമല്ലോ.

IV

ചാരുവാമച്ചപ്രമഞ്ചത്തിൽ മിന്നിന
പുരുഷകാരം പുരുഷാകാരം

ആരെന്നു ഞാനിനിയോതേണമോ ? സക്ഷാൽ
ഭാരതമാതാവിൻ ഭാസ്വൽസൂനു;

ശ്രീമാനാമേവന്റെ ദിവ്യാഭിധാനം തൻ
നാമത്തിൽ മാറ്റൊലിയെന്നപോലെ

ലോകത്തിൻ കർണ്ണം കേട്ടാനന്ദമേല്പ, ത-
ത്യാഗസാമ്രാജ്യൈകചക്രവർത്തി;

ദ്വാപരത്തിങ്കലേദ്ദുർഗ്ഗതിധ്വാന്താർക്കൻ,

ചാപവേദാർണ്ണവപാരഗാമി;

അങ്ഗാരലോചനശിഷ്യശിഷ്യോത്തമ,-

നങ്ഗാവനീരതിയ്ക്കെന്താരമ്പൻ;

കന്യപൃഥയ്ക്കു കടിഞ്ഞൂൽക്കിടാവായ

കർണ്ണൻ, കരാഞ്ചിതകാളപൃഷ്ഠൻ-

ആനവ്യജീമൂതവാഹന, നാരെയു-

ണ്ടാനന്ദനർത്തനമാടിക്കാതെ !

അപ്പുരുഷേന്ദ്രൻ തൻ പുങ്കവിളിൽപ്പുത്തൻ-

കർപ്പൂരം പൂശിടുമല്പഹാസം

തങ്ങളെക്കൈവിടൊല്ലെന്നിരന്നീടുന്ന

പൊൻകുണ്ഡലങ്ങൾക്കു സാന്ത്വാനമോ ?

തന്നോടു മൈത്രിയും ദ്വേഷവും കാട്ടുവാൻ
വിണ്ണവർ തേടിടും മത്സരത്തിൽ

ആകെത്തനിക്കു താൻ പോന്നോരദ്ധീരൻത-
ന്നാകൂതം മിന്നിക്കും കൈവിളക്കോ ?

V

അങ്ങുള്ളിലാരൊരാൾ പോവതു, ലോകത്തിൻ
ജങ്ഗമചൈതന്യമെന്നപോലെ ?

സൗവർണ്ണശൈലത്തിൻ സാരമോ? തൃക്കൈയിൽ
ഗോവിന്ദനേന്തും സുദർശനമോ ?

അല്ലല്ല; പള്ളിക്കുറുപ്പുകൊണ്ടീടുമാ-
വില്ലാളിക്കച്ഛനീ വിപ്രവര്യൻ.

പുണ്യാത്മാവാകിന പൂഷാവിനല്ലാതീ
യന്യാദൃശാഭിഖ്യയാർക്കു വായ്ക്കും ?

ആ മാനിനീമണി കുന്തിതന്നോമന-

ക്കൗമാരഹാരിയാം പത്മിനീശൻ

കണ്മണിയുണ്ണിയെകാണ്മതിനായിത്താ-

നിമ്മഹീചംക്രമണേച്ഛ കൊൾവൂ.

കുനുന്ത്രഭാജാത്മജയാകുമക്കുഞ്ഞൊരു

മന്ത്രത്താൽ മാമ്പഴമെന്നപോലെ

ആകാശവീഥിയിൽ നിന്നഹോ ! തന്നെപ്പ

ണ്ടാകർഷിച്ചിട്ടതുമപ്പുറവും

ഓർമ്മയിൽ വന്നതുമൂലമോ, ദേവനു

കോൾമയിർക്കൊൾവതു മേനിയെങ്ങും ?

അല്ലെങ്കിൽ തൻസുതനന്യാർത്ഥജീവിതൻ;

ചൊല്ലുന്നതെങ്ങനെ വന്ന കാര്യം ?

ഭൗമമെന്നാകിലും ക്ഷാത്രമത്തേജസ്സു

ഭീമ, മെന്നുള്ളൊരു ചിന്തമൂലം

ഉൽപന്നമായിടും കമ്പമോ ജൃംഭിഷ-
തപ്രഭാതാരള്യകൈതവത്താൽ ?

പങ്കുത്തിൽ നില്പതാം പാഴ്മലർമൊട്ടിനും
തങ്കരത്താലോലം നൽകിടുന്നോൻ

പുണ്യനാം പുത്രനെപ്പുൽകുവാൻ പോകുമ്പോ-
ളിന്നമട്ടൊക്കെയാമെന്നതില്ലേ !

ആ മട്ടിൽ മാളികയ്ക്കുള്ളിലുറങ്ങും ത-
ന്നോമനയുണ്ണിതൻ മുന്നിൽ വേഗാൽ

ചേരുകയായ് ചെന്നു നന്ദനവാത്സല്യ-
പരവശാകുലൻ ഭാനുമാലി.

VI

അന്നന്മണിയറയാകവേ പൂത്തൊരു
കൊന്നപൂന്തോട്ടമായ് മിന്നിനിൽക്കേ

മഞ്ഞനീരടിന മന്നവൻ തന്മിഴി-
മഞ്ജുളച്ചെന്താർ മലർന്നു മെല്ലെ,

ആഗന്തുകനൊരാൾ, അന്തണൻ, കാല്യത്തിൽ-
ആഗമവിഗ്രഹം, നത്ഭുതാഭൻ,

കാണികൾക്കുപ്പൂ കുളിർപ്പിക്കും ചെന്തീയായ്,
കാഞ്ചനവർണ്ണമാം കർപ്പൂരമായ്,

ചേണുറ്റ തൻ പൂർവപുണ്യത്തിൻ സൽഫലം
പാണിയിൽ പക്വമായ് വീണപോലെ,

ആസന്നനായതു കണ്ടെഴുന്നേറ്റെങ്ങ-
ങ്ങാസന, മെങ്ങർഘ്യം, മെങ്ങു പാദ്യം

എങ്ങുമധുപർക്ക, മെന്നുരചെയ്തുകൊ-
ണ്ടങ്ങ്ഗേശ, നാതിഥ്യജാഗരൂകൻ.

ആ ദിവ്യനെച്ചെന്നഭിവാദനം ചെയ്താ-

നാദിത്യൻ ചന്ദ്രനായ് മാറിയോനെ,

കണ്ഡലമണ്ഡിതഗണ്ഡമാം തൻ ശീർഷം

മണ്ഡലാധീശ്വരമൗലിരത്നം

പാദസഹസ്രവാനാകുമഥിതൻ

പാദസപര്യയ്ക്കു പത്മമാക്കി

ദണ്ഡനമസ്കൃതി ചെയ്യവേ ലോകത്തിൻ

ദണ്ഡമകറ്റീടും ദേവദേവൻ

സ്സൂനുവിനെദ്ധന്യസാമ്രാട്ടായ് വാഴിച്ചാ-

നാനന്ദബാഷ്പാഭിഷേചനത്താൽ,

VII

അമ്മന്നനാദ്യമായോതിനാൻ; 'അങ്ങേക്കായ്

ബ്രഹ്മൻ ! നമസ്കാരം വീണ്ടും വീണ്ടും !!

ശോഭനനങ്ങിങ്ങെഴുന്നള്ളി, മുന്നമാ
വൈഭണ്ഡൻമുനിയെന്നപോലെ,

വാരുറോരീയങ്ഗരാജ്യം തണുക്കുവാൻ
കരുണ്യവർഷം പൊഴിച്ചുവല്ലോ ?

ചൈതന്യദാതാവേ ! സാധുവാം ഞാനൊരു
സൂതകുലത്തിൽ ജനനമാർന്നോൻ

രാധയെൻ തായ-യധിരഥനെൻ താത-
നോതുന്നു കർണ്ണനെന്നെന്റെ നാമം;

മാനധനാഗ്രണി, മന്നൻ, സുയോധനൻ,
ദീനദയയ്ക്കൊരു ദിവ്യനാമം

പീയൂഷഭാനുവംശാർണ്ണവകൗസ്തുഭ,-
മീയെൻ ബഹിശ്ചരപ്രാണവായു-

തേർ വിട്ടുകൊള്ളുവാൻ നോക്കാതെ ബാല്യത്തിൽ

പോർവില്ലെടുപ്പാൻ മുതിർന്നോരെന്നെ

മങ്ഗലകുഭാഭിഷേകത്താലേവനീ-

യങ്ഗഭൂലക്ഷ്മിക്കധീശനാക്കി:-

ആര്യമാമൗദാര്യ പാഠം പഠിപ്പിച്ചോ-

രാദ്ദേശികന്നു ഞാൻ ഗർഭദാസൻ.

ആശിപ്പതെന്തെന്നു കല്പിച്ചാലാവാക്യ-

മാശിസ്സെന്നോർപ്പോൻ ഞാൻ ദത്തകർണ്ണൻ

ചീളെന്നതേകുവനെൻ വലംകൈയാലോ

കാളപൃഷ്ഠത്താലോ കായത്താലോ ?

ധർമ്മാധ്വവെത്രയോ സൂഷ്മത്തിൽ സൂക്ഷ്മമെ-

ന്നമ്മഹായോഗീന്ദ്രരോതിടുന്നു;

എതുമതെന്തെന്നു കണ്ടവനല്ല ഞാൻ

പാതകകാപഥമാത്രപാന്ഥൻ !

എങ്കിലുമുണ്ടൊരു ഭേഷജമെൻ കൈയി-

ലെൻ ഗദങ്ങൾക്കെല്ലാമൊറ്റമൂലി,

ഏവനെന്തെങ്ങെപ്പോളെന്നോടു നേർന്നാലും

ജീവ നതല്ലതിൻ മേലെന്നാലും

ഞാനവന്നേകുമതപ്പോൾ, എൻപങ്കുമ-

ദ്ദാനഗംഗാബുവാൽ ധൗതമാകും.

കൂടിക്കിടപ്പതുണ്ടിന്നന്മയൊന്നെന്നിൽ

കോടക്കാർകൊണ്ടലിൽ മിന്നൽപോലെ.'

VIII

എന്നുരചെയ്തുകൊണ്ടാനതമൗലിയായ്

മുന്നിൽ നിൽകൊള്ളും തന്മകനെ

ആയിരം കന്നുള്ളോരണ്ടർകോൻ തന്റെ നേ-

ർക്കായതമായെഴുമീർഷ്യയോടെ

മാറിടം ചേർത്തു പുണർന്നു നിറുകയിൽ
കൂറോടു കൈയണച്ചാശിസ്സേകി

അച്ഛനബ്ഭദ്രനു താനെന്നു പേർത്തുമോ-
ർത്തജ്ജഗച്ചക്ഷുസ്സോരല്പനേരം

സർവവും വിസ്മരിച്ചങ്ങനെ നിന്നുപോയ്
നിർവൃതി മണ്ഡലമദ്ധ്യവർത്തി

ഹേമാസനത്തിങ്കൽ താനിരുന്നപ്പുറ-
മാമാന്യനേയുമടുത്തിരുത്തി,

ഓതിനാൻ ഭാസ്കരൻ ശങ്കയാൽ കണ്ഠത്തിൽ
പതിതടഞ്ഞൊരു വാക്കിവണ്ണം;

IX

'ആരോമൽപൈതലേ ! ഹാ ! കഷ്ടമയ്യോ ! നീ
യാരെന്നുരച്ചുപോയ് ഹന്ത ! നിന്നെ ?

രാധേയനല്ല, നീ,, യാധിരഥിയല്ല;
സൂതകുലത്തിൽ ജനിച്ചോനല്ല;

പാലാഴിപൈതലാം പാരിജാതത്തെയോ
കാലിക്കുളമ്പുചാൽ പെറ്റിടുന്നു ?

പണ്ഡാരകീർത്തിയാം നിൻജനയിത്രിയ-
പ്പാണ്ഡവമാതാവാം കുന്തിദേവി !

ധർമ്മിഷ്ഠൻ, വില്ലാളി, ദാതാ, വനുകമ്പി-
യിമ്മട്ടിൽ ത്രൈലോക്യം വാഴ്ത്തും നിന്നാൽ-

സീമന്തപുത്രനാൽ വീരസൂവായവ-
ളാമാന്യ, ഗോവിന്ദന്നച്ഛൻപെങ്ങൾ

പാർത്ഥപുമർത്ഥങ്ങൾ നാലിലും ധർമ്മം നീ-
പാർത്ഥയുഗങ്ങളിൽ സത്യവും നീ;

അച്ഛനാരെന്നതും കാണ്മീലേ കുഞ്ഞതീ-
പശ്ചാത്താപാർത്തനാം പാപിതന്നെ !

ചണ്ഡകരനെന്നും സർവസംഹാരിയാ

ദണ്ഡധരന്നു ജനകനെന്നും

നിർദ്ദയനേവനെ നിന്ദിപ്പൂ ജീവിക

ളദ്ദിവ്യവിഗ്രഹനാസുരാത്മാ

ഞാനാണീയെൻകണ്ണന്നാനകദുന്ദുഭ;

നൂനമധിരഥൻ നന്ദഗോപൻ

X

'താപസമന്ത്രത്തിൻ തത്വപരീക്ഷയാം

പാപത്തിൽ പെട്ടുപോയ് പണ്ടു കുന്തീ !

ഞാനതിൻമൂലമക്കന്യയ്ക്കു കാന്തനായ്

കാനീനൻ കാശ്യപസൂതജൻ നീ !

പെറ്റൊരു മാത്രയിൽ പേടിച്ചും നാണിച്ചും

കറ്റക്കിടാവിനെക്കന്യകയാൾ

രത്നാകരത്തിങ്കൾ ചേരേണ്ടതാവാമീ-
രത്നപ്രകാണ്ഡമെന്നോർത്തപോലെ

പൊങ്ങു തടികൊണ്ടു തീർത്തൊരു പെട്ടിയി-
ലങ്ങിട്ടു വേഗമടച്ചു പൂട്ടി

അശ്രുനദിയിലൊഴുകിനാളാദ്യമാ-
യശ്വനദിയിലോ പിന്നെയല്ലോ !

ചമ്മണ്വതിയും യമുനയും ഗംഗയും
ചമ്പാപുരിവരെ മാറി മാറി

വെൺനുരവൈരക്കൽക്കാപ്പണിഞ്ഞീടിന
തന്നലക്കൈകളാൽ ത്താങ്ങിത്താങ്ങി

എന്നിളം പൈതലിൻ മെയ്യൊളി മേൽക്കുമേൽ
പൊന്നിറം പൂശുമപ്പേടകത്തെ

കൊണ്ടുചെന്നപ്പുറം രാധയിൽ ചേർപ്പതു
കണ്ടേൻ ഞാൻ ദുരസ്ഥനന്യതന്ത്രൻ.

പഞ്ജരബദ്ധമാം പൈങ്കിളിക്കുഞ്ഞേ, ങ്ങീ
വൻജലസ്തംഭമെ, ങ്ങെന്നു ലോകർ

അത്ഭുതപ്പെട്ടിടാം; ആരു താൻ നിൻസൃഷ്ടി-
ശില്പത്തിൻ തത്വാർത്ഥം കണ്ടിരിപ്പോർ ?

കൂടെനിനക്കുണ്ടു മൂവരെനിക്കെന്റെ
മാഠരപിങ്ങ്ഗലദണ്ഡർപോലെ;

മിത്രാധികരവർ മേളിപ്പു നീയുമായ്
നിത്യസഹവാസനിഷ്ഠയുള്ളോർ,

ഒന്നിയൊളിത്തിടമ്പോമനപ്പോർച്ചട്ട;
പിന്നെ രണ്ടീരത്നകുണ്ഡലങ്ങ

പീയൂഷസാരത്താൽ തീർത്തൊരീബ്ഭൂഷക-
ളായുഷ്മാനാക്കുമണിയുവോനെ.

നിൻചിരജീവിതം പ്രാർത്ഥിച്ചാൽ നിന്നമ്മ;
സഞ്ചിതമാക്കിനേൻ ഞാനതേവം

മുന്നിലും പിന്നിലും പാർശ്വദ്വയത്തിലും-
മിന്നിറമാർന്ന നിൻ സോദരന്മാർ

തൂമയിൽ രാമനെക്കൈകേയീനന്ദന-
സൗമിത്രിമാർപോലെ കാതിരിപ്പൂ

ഏതെഴുത്തെങ്കിലും നെറ്റിമേൽ നാന്മുഖൻ
ബോധിച്ചപോലെ ക്കുറിച്ചിടട്ടെ;

മിത്രമാം ശ്രീകൃഷ്ണനേതുമട്ടുള്ളൊരു
കൃത്രിമകൈകളും കാട്ടിടട്ടെ;

പാശുപതമല്ല ശൂലി, പിനാകുമോ
ഫാലാക്ഷിപോലുമോ, നൽകിടട്ടെ

പോരിനാൽ ജിഷ്ണുവാം ഫൽഗുണൻ നിന്നോടു

പോരിട്ടാൽ പിന്നെയും ഫൽഗുവീര്യൻ

കർണ്ണനെന്നുണ്ണിതാൻ ജേതാവിക്കഞ്ചുക-
കർണ്ണാവതസങ്ങളുള്ള കാലം !

XI

ഇത്ഥമുരച്ചിനൻ പൗരുഷശ്രീസത്മം
പുത്രാസ്യപത്മമൊന്നുറ്റുനോക്കി,

സാമ്പ്രതമായതിൽ പണ്ടേക്കാൾ തെല്ലൊരു
കൂമ്പലുമില്ല വിരിവുമില്ല !

വേപഥുരോമാഞ്ചബാഷ്പങ്ങൾ പൂണ്ടുതാൻ
ഹാ ! പരമോതുമഗ്ഗൽഗദോക്തി

താമരത്തണ്ടിലേ നല്ലിലമേൽ വീണ
പേമഴയ്യൊപ്പമായ്ത്തീർന്നുവല്ലോ !

അന്നിർവികാരമാം വിഗ്രഹമാർന്നവൻ

കർണ്ണനോ കർണ്ണവിഹീനൻതാനോ ?

കേട്ടതിലില്ലൊരു കൗതുകം മറ്റെന്തോ
കേൾപ്പതിലുൽക്കണ്ഠയുണ്ടുതാനും;

വല്ലതുമാവട്ടെ വന്നോരു വാർത്ത തൻ
ചൊല്ലുക, പീഠിക നിർത്തിയെന്നായ്

ഭാനുമാൻ ചിന്തിച്ചു തന്നുടെ ജിഹ്വയാം
വീണതൻ കമ്പികൾ വീണ്ടും മീട്ടി-

XII

അണ്ടർകോനർജ്ജുനതാതനും ഞാനുമാ-
യുണ്ടൊരു മത്സരം പണ്ടുപണ്ടേ.

മത്സുതൻ സുഗ്രീവൻ പ്രാർത്ഥിച്ചു രാഘവൻ
തൽസുതൻ ബാലിയെയെന്നു കൊന്നോ

പാരമന്നാൾതൊട്ടു പാകാരിയെന്നോടു ?
വൈരനിര്യാതനബദ്ധദീഷൻ

ഇന്ദ്രന്റെ പുത്രർക്കില്ലച്യുതകൈങ്കര്യ
മന്ദാധികാരിത്വം പോലുമൊന്നോ ?

ഭാസ്കരവംശകൻ പൗലസ്ത്യ സംഹാരി
ഭാസ്കരപുത്രനെബ്ബന്ധുവാക്കി !

ആവട്ടെ, പിന്നെയും മന്നിൽ ജനിച്ചീടും.
ഗോവിന്ദൻ മർത്ത്യനായെന്നനുജൻ

അന്നതിനുത്തരം ചോദിപ്പൻ ഞാനെന്നാ
ണിന്ദ്രനുറച്ച, തതൊത്തുപോയി !

കൈതവഗോപനാം കംസാരിക്കർജ്ജുനൻ
ഹാ ! തൻ ദ്വിതിയനാമന്തരാത്മാ,

ആ വിഷ്ണുവൈരിയാമന്ധതനൂജനു,
നീ വലങ്കൈയായി നിൽപ്പുതാനും !

ശോകിക്കൊല്ലെന്മകനിന്ദ്രനെക്കൊണ്ടെന്നോ-

ർത്തേകിനേനീവർമ്മകുണ്ഡലങ്ങൾ.

ദിവ്യാസ്ത്രമല്ലാതെ ദീർഘായുസ്സേതുമേ

ശർവൻ തൻപുത്രന്നു നൽകീലല്ലോ !

മറ്റാരുമാവട്ടേ മാർക്കണ്ഡനല്ലവൻ;

മുറ്റും ചിതാന്തം തജ്ജൈത്രയാനം !

എന്നു വിടുന്നുവോ ദൂതരെയന്തകൻ-

നിന്നുടെ സോദരൻ അങ്ങുനോക്കി !

അന്നു ശമിക്കണം ഗാണ്ഡീവഹുംകാരം;

അന്നുരിവെൺചാമ്പലർജ്ജുനാങ്ഗം !

ഓമനേ ! കാണുമക്കാഴ്ചയൊരിക്കൽ നീ-

യാമുക്തകുണ്ഡലഭൂഷിതാങ്ഗൻ;

ആയതു കണ്ടിന്ദ്രൻ ഗൗതമശാപമോർ-

ത്തായിരം പ്രാവിശ്യം മാഴ്കിടട്ടെ !

XIII

'എന്നാലതീനൊരു വിഘ്നം വരുത്തിടാ-

നിന്നു കരുതുന്നു ദേവരാജൻ.

ഹാ ! സുതവാത്സല്യം ഭവ്യരെക്കൊണ്ടുമെ-

ന്താസുരകൃത്യങ്ങൾ ചെയ്യിപ്പീല !

ന്യൂനതയൊന്നുണ്ടു നൂനമെന്നുണ്ണിക്കു-

ദാനധർമ്മാസക്തി പാരവശ്യം !

വെണ്മതിക്കുള്ള കറുപ്പല്ലതെന്നാകിൽ

കണ്മണിക്കുള്ളൊരു വെണ്മയാട്ടെ,

തന്നെ മറന്നേവൻ ദാനം തുടങ്ങുന്ന-

തന്നരനപ്രാജ്ഞനാത്മഘാതി,

അംബുധികൂടിയും വേലയാൽ ശോഭിപ്പു
നമ്മയ്ക്കുമൊട്ടൊരു സീമവേണം;

അസ്ഥാനത്തിങ്കലല്ലാത്മപൂജാവിധി,
ശുദ്ധൻ നിനക്കതു രൂപമില്ല.

കോട്ടമതൊട്ടൊട്ടു കാൺമൂ സഹസ്രാക്ഷൻ-
കോട്ടമതിലിലെക്കൊച്ചുരന്ധ്രം !

വഞ്ചകനെത്തിടും വർണിയായ് നിന്നോട്
കഞ്ചുക കുണ്ഡലഭിക്ഷ വാങ്ങാൻ :-

വജ്രത്തഴമ്പാർന്ന തൻവലങ്കൈയൊരു
പിച്ചപ്പാഴ്ക്കുമ്പിളായ്ക്കോട്ടിക്കാട്ടാൻ !

മത്തകരീന്ദ്രർതൻ മസ്തകമൗക്തിക
മെത്രമേൽ പോകിലുമെന്തുചേതം ?

പിന്നെയും നേടിടാം; ദംഷ്ട്രകളെന്നുപോ-

മന്നത്രെ പഞ്ചാസ്യൻ വിശ്വഹാസ്യൻ.

എന്തുമിവയൊഴിച്ചെന്നുണ്ണി നൽകിലും
സ്വന്തം നിലയ്ക്കൊരു ദോഷമില്ല

ഏതെല്ലം വിട്ടാലും വീഴാതെ നോക്കണം
സോദരത്യാഗമാം പാതകത്തിൽ

വാസുകി നീർക്കോലിയാകുമെന്നോർക്കുന്നു
വാസവൻ, ഭോഷനോ കുണ്ഡലീശൻ ?

നീരദമാകുമോ സർവജ്ഞഭൂഷയെ
നീരദവഹനയാച്ഞ്ഞായന്ത്രം ? '

XIV

ഇത്തരം വാക്കോതിപത്മാക്ഷൻ നോക്കിനാൻ
പുത്രൻതൻ നന്മുഖമൊന്നുവീണ്ടും.

ആ മുകുരത്തിങ്കൽ വ്യക്തമായ് വിക്ഷിച്ചാ-
നാഗാമിയാകും തന്നാശാഭങ്ഗം:

സ്ഫീതപ്രസാദമാമാവദനേന്ദുവി-
ലാദിയിലല്പമാം മ്ലാനഭാവം

പേർത്തുമൊരങ്കത്തിൻ രീതിയിൽ കണ്ടതു
വീർത്തു വിധുന്തുദരൂപമേന്തി

അത്തിങ്കളെ ഗ്രസിച്ചാർക്കുന്നു. ചീർക്കുന്നു
മിത്രന്റെ മുന്നിൽ നിന്നന്ധകാരം !

ഇപ്പുലർവേളയെന്തന്തിയായ് മാറുവാൻ ?
ഇശ്ശരത്തിന്നേതു വർഷാരാത്രം ?

താൻ വേണ്ടതെന്തിനിമേലെന്നു ചിന്തിച്ചു
പോംവഴിയൊന്നുമേ കണ്ടിടാതെ,

ആജ്ജഗച്ചക്ഷുസ്സു വീണ്ടുമരുളിനാ-

നാത്മജവാത്സല്യചാപലാന്ധൻ,

XV

'ദാതാവു ദാതാവെന്നുള്ളൊരു കീർത്തിക്കാ-

ണേതാവത്താകും നിൻ യത്നമെല്ലാം !

കീർത്തിയോ കേവലം ജീവിച്ചിരിപ്പോർതൻ

സാധ്വിയാളെന്നത്രേ സാധുവാദം.

ലോകത്തിൻ ദൃഷ്ടിയിലോന്തുകൾ നാമെല്ലാം,

ഏകമാം വർണ്ണമതെങ്ങു കാണ്മു ?

തെറ്റെന്നു കീർത്തിയകീർത്തി, യതിന്നുച്ച

പിറ്റേനിമിഷത്തിലർദ്ധരാത്രി

നിർണ്ണയം നാളത്തെയമ്മിക്കുഴവിതാ-

നിന്നതു കൈതൊഴും ശൈവലിങ്ഗം.

എമ്പാടുമായതിൻ പര്യായക്രീഡകൾ

കുംഭാഭിഷേകവും കൊള്ളിവൈപ്പും.

ആകവേ പാർക്കുകിലാരുടെ കീർത്തിയും

ലോകത്തിൻ വായിലേ ലാലാബിന്ദു !

ആയതിൽ കാൽക്ഷണമത്തയ്യലേറിനി-

ന്നാടിത്തകർപ്പതുപോലെ തോന്നും.

അപ്പുറം ലോകമിറക്കിടുമൊന്നുകിൽ,

തുപ്പിടുമല്ലെങ്കി,ലക്കണത്തെ

ഗ്രസ്തമായീടിലും ക്ഷിപ്തമായീടിലും

മത്തുള്ളിതൻകഥയപ്പോൾ തീരും.

XVI

അല്ലേ ! നരന്റെ പേർ നിർപ്പോളയ, ല്ലേതോ

കല്ലെഴുത്തെന്നുതാൻ കല്പിക്കാം നാം,

ആയാലുമായതു വയിപ്പാനുള്ളവ-
നായുഷ്മാനല്ലാഞ്ഞാലെന്തു ലാഭം ?

നമ്മുടെ പേരൊരാൾ വാഴ്ത്തിയാൽ നാമതു
നമ്മുടെ കാതിനാൽ കേട്ടിടേണം'

നമ്മുടെ നന്മുഖം കാട്ടുന്ന കണ്ണാടി
നമ്മുടെ പാണിതാനേന്തിടേണം

നാമങ്ങു പോകുകിലപ്പുറം നമ്മുടെ
നാമം നിലച്ചെന്തേ ? വേർമാഞ്ഞെന്തേ ?

രമ്യമാമേതൊരു ഭൂലോകഗാനവും
സംയമനിക്കുള്ളിൽ കേൾപ്പീലല്ലോ !

നിത്യവുമോട്ടമൺപാത്രങ്ങളൂഴിയിൽ
പുത്തനായ് നാന്മുഖൻ തീർത്തിടുന്നു;

ഹന്ത ! തൻ ദണ്ഡത്താലായവ തച്ചുട-
ച്ചന്തകൻ മേൽക്കുമേലാർപ്പിടുന്നു.

ചത്ത ശവമതിൽ ചാർത്തിന പൂമാല-

യെത്രമേൽ ഘ്രാണിപ്പാൻ ശക്തമാകും ?

ലോകാന്തരസ്ഥൻ തന്നൈഹികവിഖ്യാതി-

യാകാശശൂന്യതാഹീഹീഹാസം !

അക്കീർത്തിതൻദ്യുതിയസ്ഥികൂടദ്യുതി-

അക്കീർത്തിനൃത്തം കബന്ധനൃത്തം !

ആർക്കു താൻ കാമ്യമല്ലത്യന്തദുർല്ലഭം

ദീർഘായുർലക്ഷ്മിതൻ തൃക്കടാക്ഷം ?

ഭിത്തിയാമായതിൽ യോഗവും ക്ഷേമവും

ചിത്രങ്ങളായ്ച്ചേർന്നുമിന്നിടുന്നു.

ഭങ്ഗിയിൽ നാലുപൂമർത്ഥപഥവുമ-

ശ്ശൃംഗാടകത്തിങ്കൽ മേളിക്കുന്നു.

വേരറ്റു വീണൊരു വൃക്ഷത്തിലെന്തിനു

വാരിദം വീഴ്ത്തുന്നു ബാഷ്പപൂരം ?

ഹന്ത ! പരദ്രുവിൻ ദോഹതമക്കാഷ്ഠം-

ഇന്ധനം ഇങ്ഗാലം-ഭസ്മം-മേലിൽ.

ഇദ്ദാനസിന്ധുവിൽ നീ വീണു ചാകുകി-

ലത്യാഹിതമതിന്മീതെയുണ്ടോ ?

നീവി വിറ്റുണ്ണുന്ന നിര്യാണവാണിജ്യം

നീ വിരഞ്ഞീടൊല്ലേ നീതിമാനേ !"

XVII

ഇത്തരമൊക്കെയുമോതിത്തൻ ജിഹ്വാഗ്ര-

നർത്തനതാന്തയാം ഭാരതിയെ

വിശ്രാന്തയാക്കിനാൻ വിസ്മയസ്തബ്ധനാ

വിശ്വൈകമങ്ഗലവിദ്യുദ്ദീപം,

സമ്പ്രതി തന്മനം സഞ്ചയിച്ചീടിനോ-

രമ്പുകൾ തീർന്നതാമാവനാഴി

എങ്കിലും പിന്നെയും മിന്നിനാൻ വാഗ്മിയായ്

തൻക്ലിഷ്ടമൗനത്താൽ സപ്തസപ്തി

ശങ്കപൂണ്ടന്യയാം നർത്തകിയാക്കിനാൻ

കൺകടപ്പങ്കജമങ്കയാളെ,

അപ്പനെ മേൽക്കുമേൽ നോക്കിനാൻ സാകൂതം

സപ്രേമം, സസ്മിതം, സപ്രത്യാകം.

കൂമ്പുന്നു കുട്ടന്റെ വക്ത്രാബ്ജമായതി-

ലാമ്പലമൊട്ടലരെന്നപോലെ !

നവ്യമാമച്ചിത്രമീക്ഷിച്ചാൽ സത്രാസം,

സവ്യഥം, സത്രപം സാനുക്രോശം.

നിഷ്ഫലസംരംഭൻ, നിഷ്പന്നനിർവേദൻ.

നിഷ്പിഷ്ടനിശ്ശേഷമോഹോത്സേകൻ,

ആദിത്യൻ കർണ്ണോക്തിക്കാത്മീയകർണ്ണങ്ങ-
ളാതിഥ്യവ്യഗ്രങ്ങളാക്കിനിന്നാൻ

ചീളെന്നു കാറകന്നഭ്രം പ്രസന്നമായ്,
കോളറ്റു പാൽക്കടൽ ശാന്തിയേന്തി

കഞ്ചുകകർണ്ണാവതംസങ്ങൾ ബാഹ്യങ്ങൾ:
ഗാംഭീര്യധൈര്യങ്ങളാന്തരങ്ങൾ:-

ആജന്മഭൂഷകൾ നാലും തനിക്കെന്നാ-
രാജന്യസത്തമൻ സ്പഷ്ടമാക്കി

ഭാരതമാതൃസ്തനന്ധയന്നൊത്തോരു
ഭാരതിയോതിനാൻ ഭാനുവോടായ്:-

XVIII

പ്രത്യഹമേവരും പാദങ്ങൾ കൂപ്പുമെൻ

പ്രത്യദൈവമേ ! ഭാനുമാനേ !

ലേഖപ്രവേകരിലേകനെ മാത്രമേ

ലോകം സവിതാവെന്നോതുന്നുള്ളു

സ്രഷ്ടവിനില്ലാത്തൊരക്കീർത്തിയങ്ങേയ്ക്കീ

നിത്യഗോദാനം താൻ ലബ്ധമാക്കീ.

അങ്ങയെ ഞാനും സവിതാവായ് വന്ദിപ്പു

തിങ്ങളിൽത്തിങ്ങളിൽ സന്ധ്യതോറും

സത്യമെന്നച്ഛനങ്ങക്കുന്നിയമ്മതൻ-

വൃത്തം ഞാൻ കേട്ടാലും കേൾക്കാഞ്ഞാലും,

ത്വത്സുതൻ പാർത്ഥന്റെ ജീവിതം മജ്ജൂഷ-

യശ്വനദിയ്ക്കുള്ളിൽ വീഴുവോളം,

രാധ വളർത്തിയോരിക്കർണ്ണൻ തൽഭിന്നൻ-

നൂതനനാമൊരു ഗംഗാദത്തൻ.

എന്നമ്മ ഭാരതഭൂമി എന്നച്ഛനോ
നിർണ്ണയമങ്ങേയ്ക്കുമച്ഛനീശൻ !

അക്കാലം-തെല്ലെന്നെ മിഥ്യാഭിജാത്യമാം
പൊയ്ക്കാലിൽ നിർത്താതെ കാത്ത ദൈവം

ഞാനതിന്നാദ്യമായഞ്ജലി കൂപ്പുന്ന
മാനുഷകാന്വയ ജന്മധന്യൻ

സൂതജനാവട്ടെ, സൂരജനാവട്ടെ
മേദിനീദേവിതന്നങ്കമാർന്നോൻ.

ആന്തരമായിവ രണ്ടിലുമോർക്കുകിൽ
ഞാൻ "തര" ഭേദമേ കാണ്മീലല്ലോ !

XIX

അദ്ധ്യായമൊന്നുണ്ടെൻ ജിവിതഗ്രന്ഥത്തിൽ-
ശസ്ത്രാസ്ത്രശിക്ഷതന്നന്ത്യഘട്ടം:

പൗരാണികത്വമെൻ പൈതൃകസ്വത്തല്ലേ ?

പാരായണം ചെയ്യാം ഞാനതല്പം.

സമ്പ്രാപ്തവിദ്യരായ് ഞങ്ങളെല്ലാമെന്നു

കുംഭോത്ഭവൻ ഗുരുകണ്ടൊരിക്കൽ

ആയതു ശോധിപ്പാൻ കല്പിച്ചാൽ രങ്ഗമൊ-

ന്നായതം വിസ്തൃതമത്ഭുതാഭം.

ആഗതനായാനങ്ങർജ്ജുനൻ മറ്റെങ്ങും

ലോകൈകവീരരില്ലെന്നപോലെ,

ഞാനുമങ്ങെത്തിനേൻ മത്സരപ്പോരിനായ്

ബാണധനുർദ്ധരൻ ബദ്ധകക്ഷൻ.

തൻവിറ പൂണ്ടൊരു മെയ്യുമായ് വൃദ്ധനാ-

മെൻ വളർത്തച്ഛനുമുണ്ടു പിൻപേ.

കോമളമാകുമപ്പൈക്കൂട്ടിൽ നിന്നൊരു

ഗോമായുവിൻ രുദം കേട്ടിതപ്പോൾ,

"ആരെടാ ? നീയൊരു സൂതനല്ലേ ? നിന-
ക്കീരാജഗോഷ്ഠിയിലെന്തുകാര്യം ?

ഇജ്ജന്യമണ്ഡപം പേക്കൂത്തുപന്തല-
ല്ലീച്ചെറുഞാണൊലി പാഴ്പാട്ടല്ല;

തോൽവാറും ചട്ടയുമേന്തേണ്ട കൈകളാൽ
പോർവില്ലും കൂരമ്പും ഭേസിബ്ഭേസി

ഏതുവരയ്ക്കും ചെന്നെത്തീടുമിച്ചെക്കൻ ?
ചോതിപ്പാനാരുമില്ലെന്നായ് കാലം !

ഭാരത സാമ്രാജ്യസാർവഭൗമാത്മജൻ
വീരനാമർജ്ജുനൻ, കർണ്ണ ! നീയോ

വാരുറ്റ തൽകീർത്തി വാഴ്ത്തേണ്ടവൻ മാത്രം:
മാറിനി "ല്ലെന്തിനീ വ്യർത്ഥാടോപം ?"

ആരതെന്നങ്ങോട്ടു നോക്കിനേൻ, ആ വാദി

ശാരദ്വതാചാര്യൻ ! ശാന്തം പാവം !

കാർമ്മുകസംഗീതശാസ്ത്രത്തിൽ ഞാൻ "സാരീ-

ഗാമാ" പഠിച്ചതങ്ങാരിൽനിന്നോ;

ആ നമ്യൻ വർഷീയാനായിപ്പോയ് മദ്ദണ്ഡ്യൻ,

ഹാ ! നിഷ്പ്രതീകാരം തൽപ്രലാപം !

ഇത്തരമോർത്തു ഞാൻ ലജ്ജിച്ചും ദുഃഖിച്ചും

കർത്തവ്യമെന്തെന്നു കണ്ടീടാതെ

താഴത്തു വീഴുന്ന താതനെപ്പാണിയാൽ

താങ്ങിയെടുത്തുകൊണ്ടാസ്യം താഴ്ത്തി

ഭങ്ഗത്തിൽ നിൽക്കവേ കേട്ടേനെൻ തോഴൻ തൻ

വൻഗദാസ്ഫാലനം-അല്ല, വാക്യം;

"ധിക്, ധിക്കിതെന്തൊരു വാക്കോതി ദേശിക-
നിത്രമേലേറാമോ ജാത്യുന്മാദം ?

വ്യക്തിയും ജാതിയും തർക്കത്തിലല്ലാതെ
സിദ്ധനുർവേദത്തിലെങ്ങിരിപ്പൂ

ഈയപമര്യാദ ഹാ ! കാണ്ഡപൃഷ്ഠനാ-
മായുധജീവിയങ്ങോതിയല്ലോ;

അന്യായവാക്കിതു കേൾക്കുന്നോരെന്നച്ഛൻ
കർണ്ണവിഹീനല്ലോർമ്മവേണം.

അൻപിൽ തൻ ദീപ്തിയാലാകാശവീഥിക്കു
പൊൻപൂശും പുഷ്കലതേജഃപുഞ്ജം

ചീരയല്ലങ്ങു വലിച്ചു പിഴുതിടാൻ
വേരുതോണ്ടീടുവാൻ വൃക്ഷമല്ല.

യാതൊരു താങ്ങുമറ്റഭ്രത്തിൽ മിന്നുമ-
സ്വാതന്ത്ര്യ സ്വാരാജ്യരത്നദീപം

നമ്മുടെ ഫൂൽക്കാരമേൽക്കുന്നീ, ലേൽക്കുകി-
ലമ്മട്ടിൽ മങ്ങിക്കെടുന്നുമില്ല.

കല്ലുരപെട്ടാലും, മെയ്മുറിഞ്ഞാലും, തീ-
ക്കുള്ളില്പ്പോയ് വീണാലും, തല്ലേറ്റാലും,

തന്നൊളി മേൽക്കുമേൽ വീശുന്ന കാഞ്ചനാ-
മന്നല്ലാർക്കാകല്പമായേ പറ്റൂ.

കോമളത്താമരപ്പൂമധുവുണ്ടിടു-
മാ മധുരപ്രിയമായ് ഭൃങ്ഗം

സ്വല്പവും കന്ദത്തിൽ പറ്റിന പങ്കത്തെ
സ്വപ്നത്തിൽപ്പോലുമൊന്നോർപ്പീലല്ലോ !

ബാഹുജവംശങ്ങൾ പണ്ടോരോവീരർതൻ
ബാഹുക്കൾ നട്ടു തഴച്ചതല്ലീ ?

നൂനമെൻ കർണ്ണനമബ്ബാഹുവു, ണ്ടങ്ങേ-

യ്ക്കാനയെ കാണാനും വെള്ളെഴുത്തോ ?

സൂതൻപോൽ ! സൂതൻപോൽ ! സൂതകുലത്തിനു

പാതിത്യമെന്തിത്ര പറ്റിപ്പോയി ?

നന്മുഖനിന്നലെസ്സൂതനായ് വാണവൻ

നാരായണൻ നാളെസ്സൂതനാവോൻ,

മന്നനല്ലെന്നങ്ങു ചൊന്നോരെൻ തോഴനെ

മന്നനായ് വാഴിപ്പനിക്ഷണം ഞാൻ

രാജാവു താൻ കർണ്ണൻ തന്മിത്രം ഭാരത-

രാജാധിരാജകുമാരനെങ്കിൽ".

XXI

"ഇത്തരം വാക്കുരച്ചെന്നെയെടുത്തൊരു

ഭദ്രാസനത്തിലിർത്തിത്തോഴർ

ഗങ്ഗാജലത്തിനാൽ കുംഭാഭിഷേകം ചെ-
യ്തങ്ഗാവനീശ്വരൻ ഞാനെന്നോതി

പൊന്മുടി മൗലിയിൽ ചാർത്തിയും താൻതന്നെ
വെണ്മണിച്ഛത്രം പിടിച്ചും വേഗാൽ

ചാമരം വീശിയും നിന്നു കൃപരോടാ-
രീമന്നാ'രെന്നു ചോദ്യം ചെയ്യാൻ.

അങ്ഗേശ ! വെല്ലുക ! സങ്ഗ്രാമ-
രങ്ഗാലങ്കാരമണിതിടമ്പേ !

ഞാനിനിയങ്ങേയ്ക്കു സൂതൻ എന്നോതിനാൻ
ദീനൻ കൃപാചാര്യൻ സാധുവാദി.

നിശ്ചയത്തിനൊന്നൊട്ടും താമസിച്ചീല; ത-
ന്നച്ഛനോടൊന്നുമേ ചോദിച്ചീല;

തൊണ്ണൂറുമൊൻപതും സോദരർക്കോരോരോ
മന്നിടം വേണമെന്നോർമ്മിച്ചീല;

പിഞ്ചരികകൊണ്ടുള്ള ജാലം കണക്കു ഞാൻ
കൺചിമ്മും മുന്നിലിക്കാര്യം തീർന്നു.

ഊനമറ്റിത്തരമദ്ദിനമെന്നുടെ
മാനത്തെ രക്ഷിച്ച മർത്ത്യസിംഹം-

ദാനമാം നൊയ്മ്പു ഞാൻ നോൽക്കുമാറെന്നെയി-
സ്ഥാനത്തിലേറ്റിന രാജരാജൻ-

ആ മഹാനേകനെൻ പ്രാണനിൽ പ്രാണൻ; ഞാ-
നാമഹീഭർത്ത്യപിണ്ഡോപജീവി

ഈഗ്ഘട്ടമെൻ മനോഭിത്തിയിൽനിന്നാരു
മാച്ചിലും മായാത്ത ചിത്രം തന്നെ,

ആഹാ ! ജയിപ്പൂ ! വിജയിപ്പൂ ഞങ്ങൾ തൻ

എന്നോമൽതോഴരെയെന്നു ഞാൻ കാൺകിലും

നന്ദിയാമീശന്നു നന്ദിയായി

ലോകത്തെ മാത്രമല്ലെന്നെ മറപ്പൂ ഞാ-

നാഹന്ത ! ദൈവത്തെ-സ്സർവത്തെയും !"

## XXII

ആ വാക്കു കേട്ടളവാദിത്യനോതിനാൻ-

'ഈവാർത്തയൊന്നിനാൽ ഞാൻ ജയിച്ചു

അങ്ങനെയുള്ള നിൻ തോഴർക്കു മേൽക്കുമേൽ

മങ്ഗലം വന്നിടാനെങ്കിലും നീ

ഈയടർച്ചട്ടയുമിക്കുണ്ഡലങ്ങളും

കായത്തിൽ നിന്നു കളഞ്ഞിടൊല്ലേ !

പ്രാണനിൽ പ്രാണനെപ്പാലിപ്പാനെന്നാലും

പ്രാണനെപ്പാഴിൽ നീ കൈവിടൊല്ലേ ?

ആകാലികാന്തത്തിന്നാശിപ്പതാർ ? ദൈവ-

മാഹൂതന്മാർക്കു താനാതിഥേയൻ

നിൻ നന്മയോർത്തുഞാനീവരം നിന്നോടു

പിന്നെയും പിന്നെയും നേർന്നിടുന്നേൻ'

XXIII

ഓതിനാനങ്ഗേശൻ: 'ഇന്നെന്നെശ്ശോധിപ്പ-

തേതു പരീക്ഷയോ തമ്പുരാനേ !

ലോകദൃക്കങ്ങു താൻ ദൃശ്യനാമീശ്വര-

നാഗമവിഗ്രഹൻ കർമ്മസാക്ഷി;

എന്നമ്മയോർപ്പവൻ മിത്രനെൻജന്മദൻ,
കർണ്ണനും നിർണ്ണയം കർണ്ണയുക്തൻ.

ആരുരച്ചാരിതു കേൾപ്പതോ ? ചിത്രമി-
ക്കാരണമില്ലാത്ത കാര്യോൽപ്പത്തി !

ദീധിതിമാലിതൻ വക്ത്രത്തിൽ നിന്നെന്തി-
സ്ഫീതാന്ധതാമിസ്രം നിർഗ്ഗമിപ്പാൻ-

പാൽ ചുരത്തീടേണ്ടോരമ്മതൻ വക്ഷോജം
പാഴ്ക്കാളകൂടമെന്തുദ്വമിപ്പാൻ ?

വ്യോമംവിട്ടങ്ങോട്ടു താഴത്തിറങ്ങിയി
ബ്ഭൂമിയെ സ്പർശിപ്പാനോർത്തിടുമ്പോൾ

ആദർശം താവകമങ്ങേപ്പുറം പാഞ്ഞു
പാതാളസ്പൃക്കായ് താൻ നിൽക്കയെന്നോ ?

മൽപ്രാണബന്ധുവിന്നക്രീതദാസൻ ഞാൻ
തൽപാപഭാഗിതാൻ തർക്കമില്ല.

സൗഹാർദ്ദവാരുണീ പാനലഹരിയിൽ;
സൗഹാർദ്ദചിത്തഭ്രംശാവേഗത്തിൽ,

സൗഹാർദ്ദഘോരാപസ്മാരാവേശത്തിൽ ഞാൻ
ലോകത്തിൻദൃഷ്ടിയിൽ ദുഷ്ടൻതന്നെ

ജീവിതത്രാസിലെത്തങ്കത്തട്ടൊന്നെനി-
ക്കാവിധം താഴുന്നു പങ്കപൂർണ്ണം,

ആമ്മട്ടുമായതു വീഴായ്‌വാൻ ദാനത്തെ
ഞാൻ മറ്റേത്തട്ടിലിട്ടൊപ്പിക്കുന്നു

അന്ന്യപസംസർഗ്ഗസിദ്ധമാമൈശ്വര്യ-
മന്വഹമന്യാർത്ഥം ഞാൻ ത്യജിപ്പൂ

ഗോവധജീവിതൻ പാതുകാദാനമെ-
ന്നേവരുമോർത്തിടാമെന്റെ കൃത്യം.

താല്പര്യവേദികളല്ലവർ; സത്യത്താ-
ലൗല്പത്തികമെനിക്കാത്മത്യാഗം.

ഏവൻ തൻ പാരണവാരിയമന്നവു-
മേകിപോൽ ശ്വാവിന്നും ശ്വാപദന്നും;

ആ രന്തിദേവന്തന്നാത്മജയാം നദി
താരാട്ടിനാളെന്നെശ്ശൈശവത്തിൽ

തന്നുടെ ശേവധി സർവവും തോഴനാം
കിന്നരനാഥന്നാർ തീറെഴുതി;

പാദങ്ങൾ കൂപ്പിൻ പർവതകന്യയ്ക്കു
പാതിയുടലും പകുത്തു നൽകി.

ആശിച്ചതേവർക്കുമേകുമദ്ദേവനെ-
ന്നാചാര്യന്നാചാര്യനാത്മയാജി.

തൻഭുജമാർജ്ജിച്ച് സർവോർവീചക്രവു-
മന്വിലാരാഗന്തുവേകന്നേകി.

പിന്നത്തേയർത്ഥിക്കു ജീവാധികങ്ങളാം

തന്നസ്ത്ര ശസ്ത്രങ്ങൾ ദാനം ചെയ്തു;

ആരാമനർജ്ജുനവൈരിയെന്നാചാര്യൻ-

കേരളനിർമ്മാണകേളികാരൻ.

XXIV

'ഈവർമ്മകുണ്ഡലദാനത്തിനാലിങ്ങു

കൈവരും ദോഷം ഞാൻ കണ്ടുവല്ലോ !

മൃത്യുവശഗനാമെന്നല്ലീ ചൊന്നത്

ചിത്രമിബ്ഭീഷണിയെൻപിതാവേ !

ഭൂമിയിൽ ജാതനാം ഞാനതു ചെയ്യുകിൽ

സാമാന്യമാനുഷനാമെന്നല്ലീ ?

ആവട്ടെ,യായതാണാശാസ്യമിന്നു ഞാൻ

ദേവനുമമല്ല പുമാനുമല്ല !

മാനുഷജീവിതമാഹാത്മ്യസർവസ്വം

നൂനം തദസ്ഥിരഭാവമല്ലീ ?

നാളെയെന്നോതുവാൻ നാവില്ലാതാക്കുന്ന

നാന്മുഖൻ താനല്ലീ നമ്യനമ്യൻ

ചെമ്മേ താൻ ചെയ്യേണ്ട കൃത്യങ്ങൾ ചെയ്യേവൻ

ജന്മത്തിന്നാനൃണ്യം നേടിനിൽപ്പൂ

ആഢ്യന്യൻ ഗാർഹസ്ഥ്യ മർമ്മജ്ഞനെന്നാളും

ശ്രാദ്ധദേവാതിഥ്യ ജാഗരൂകൻ.

ആയുസ്സിനല്ലാർക്കുമായുസ്സു, സാധന-

മായതു, സാദ്ധ്യം പുമർത്ഥമെങ്കിൽ

ആലക്ഷ്യമെയ്യേണ്ടുമമ്പാരുറക്കിടു-

മാവനാഴിക്കകമായുഗാന്തം ?

ഹാ ! പേർത്തുമെന്തിനു രംഗസ്ഥൻഞാനോർപ്പു
നേപത്ഥ്യസംഭാരമെത്തിനോക്കാൻ ?

ഏതൊരു വേഷവുമാടട്ടെ വന്നെനി-
ക്കേതു രസത്തിലും പ്രീതിതന്നെ.

ആനനാച്ഛാദനമായതിദേവത
താനേതാൻ നീക്കുമെൻ മുന്നിൽ വന്നാൽ;

സുന്ദരം താനതിൻ തൂനെറ്റിച്ചിത്രകം
സിന്ദൂരമായാലും ചാന്തായാലും.

ഫുല്ലാംബുജാസ്യയാൾ വാസരാധീശ്വരി
അല്ലണിക്കൂന്തലാൾ രാത്രിദേവി:

മേളിപ്പൂ രണ്ടോടും ഞാനെനി;ക്കാവശ്യ-
മാലോകച്ഛായകൾ മാറി മാറി

'പാത്രത്തിൽ നൽകിന ദാനത്താലിദ്ദിനം

പേർത്തും ഞാൻ ധന്യനായാൽ

അർത്ഥം ഗ്രഹിപ്പിച്ച വാക്യത്തിനെന്തുമേ-

ലെത്തേണ്ടു പൂർണ്ണ വിരാമമെന്ന്യേ ?

XXV

"പാത്രത്തിൽ ദാനമെന്നോതിനേൻ, ത്യാഗിക്കു

പാത്രമാരിന്ദ്രന്നു തുല്യനേകൻ ?

ഏവന്റെ നാട്ടിലെക്കല്ലുകൾ ഹീരങ്ങൾ,

കേവലം മൃൽപിണ്ഡം ശാതകുംഭം

ധേനുക്കളൊക്കെയും കാമിതദോഗ്ധ്രികൾ,

പാനീയം പീയൂഷയൂഷമെങ്ങും.

മുത്തങ്ങപ്പുൽക്കൊടി കൂടിയും മന്ദാരം

ഇഷ്ടികകൂടിയും ചിന്താരത്നം.

തത്താദൃങ്മാഹാത്മ്യശാലിയാണെന്മുന്നി-

ലുത്താനപാണിയായ് നില്പാനോർപ്പോൻ !

ആഗമവേദികളധ്വരവേദിയി-

ലാഹൂതിചെയ്യുന്നതാർക്കുവേണ്ടി,

ഏവൻ തൻ വാഹത്തിൻ കോളാമ്പിയാകയാൽ

ഭൂവിതു സർവസസ്യാഢ്യയായി;

അദ്ദേവൻ പ്രീതനായ് താൻതന്നെ മുന്നിൽവ-

ന്നർത്ഥിക്കിലിപ്പുറമെന്തുവേണം ?

ഭാരതഭൂതലമൗദാര്യസസ്യത്തിൻ-

വാരുറ്റ കേദാരം പണ്ടുപണ്ടേ;

ആമൂലമാശിഖമാത്തതത്ത്വം കണുവൻ

ജീമൂതവാഹനൻ വീണ്ടും വീണ്ടും !

ഇദ്ദിനം തൻകരമേന്തിടും ദംഭോളി-

യദ്ദധീചിക്കുള്ളോരസ്ഥിമാത്രം,

വൃത്രാരി കാട്ടിടും വിഖ്യാതദോർവീര്യ ,

മദ്ദാനശൗണ്ഡിതൻ ദാനവീര്യം:-

ആശിച്ച മട്ടിൽ തൻ മെയ്മാംസമത്രയും-

മൗശീനരൻ ശിബി, പത്രിരൂപൻ;

ഇശ്ശുക്രന്നേകിനാൻ വാൾകൊണ്ടറുത്തൊരു

കൊച്ചരിപ്രാവിനെ കാത്തുകൊൾവാൻ

ത്രാസവും ലജ്ജയും പൂണ്ടമ്മഹാത്മാവിൽ

ത്രാസു താൻ കൈവിട്ട പൂർവവൃത്തം

ഇന്ദ്രൻ മറപ്പത,ല്ലന്നത്തേതിങ്കൽനി-

ന്നിന്നത്തേബ്ഭാരതം ഭിന്നമെന്നോ ?

ആ മൃതസഞ്ജീവിന്യാരാമമിന്നോളം

പാഴ്മുൾച്ചെടിക്കാടായ് മാറീട്ടില്ല;

ആ വീരഹര്യക്ഷഗഹ്വരമിപ്പോഴു-

മാഖുവിൻ മാളമായ്ത്തീർന്നിട്ടില്ല.

എന്തവനെന്നോടു യാചിപ്പാനിച്ഛിപ്പു ?

ഹന്ത ! മൽകഞ്ചുകകുണ്ഡലങ്ങൾ ?

ഒന്നു ഞാൻ മുന്നമേ മാറേണ്ട പാഴ്ത്തുണി:

ഒന്നു വധൂചിതമാഭരണം !

ചെല്ലറില്ലാരുമേ രോഹണശൈലത്തിൽ

വെള്ളാരങ്കല്ലിനു വേണ്ടി മാത്രം !

ഇച്ഛിപ്പതെൻ പ്രാണനെന്നാലതിനെന്തി-

നിശ്ശിരോവേഷ്ടനപ്രാണായാമം ?

പണ്ടു ഞാൻ ഭാർഗ്ഗവശിഷ്യനായ് വാണനാൾ

വണ്ടത്താനായ് വന്നീ വജ്രപാണി

എന്നൂരുശോണിതപാനത്താൽ തീർത്തീലേ

നന്ദനവാത്സല്യജൂർത്തിദാഹം ?

തൻകൈയിലിപ്പോഴുമദ്ദാഹം തീർക്കുവാ-

നെൻകണ്ഠശോണിതമുല്ലസിക്കെ

കഞ്ചുകകുണ്ഡലദ്രാവകമെന്തിനു

സഞ്ചയിച്ചീടുന്നു സാധു ശക്രൻ ?

നേരിട്ടു വേണ്ടതു ചോദിച്ചാൽ നൽകുവാ-

നീരിഷ്ടിപാണിയാം ഞാനിരിക്കെ

ഇന്ദ്രനീയാജ്ഞയാൽ നാണിപ്പിക്കുന്നതെ-

ന്തെന്നെയുമെൻ മാതൃഭൂമിയേയും ?

XXVI

"ഇദ്ദാനം ചെയ്യുകിലെങ്ങനെയെങ്ങു ഞാൻ

മൃത്യുവശഗനാമെന്നു ചൊല്ലി ?

അന്തകൻ-എൻ ജ്യേഷ്ഠൻ-ആരെന്നു , മായവ-
ന്നെന്തധികാരപരിധിയെന്നും

ചിന്തിച്ചു കണ്ടവൻ തന്നെ ഞാന,ക്കാര്യ-
മെൻ തറവാട്ടിലെക്കാര്യമല്ലേ ?

താൻ മുന്നിൽ വെച്ച കാൽ പിന്നോട്ടെടുക്കാതെ-
യാൺമയിൽ മാറ്റാരോടങ്കമാടി

പെട്ടിടും വില്ലാളിയെങ്ങുപോമെന്നു ഞാ-
നൊട്ടൊട്ടറിഞ്ഞവൻ രാമനോതി ,

അങ്ങനെ താഴത്തു വീണിടും ധന്വിയെ
മങ്കലപാർഷദർ താങ്ങിതാങ്ങി

ആദിത്യലോകത്തിൽ-അങ്ങേത്തിരുമുമ്പിൽ
ആനയിച്ചീടുമെന്നാപ്തർ ചൊൽവൂ

അത്രമേലുൽഗതിനൽകിടുമാവീഴ്ച
മൃത്യുവുമാശിപ്പാനുള്ള മൃത്യു-

ഏകമാം ശ്വാസത്തിൻ സ്പർശത്താലപ്പുണ്യ-

ലോകത്തിലെത്തിക്കും വ്യോമയാനം

കിട്ടിയാൽ ധന്യനായ് ഞാൻ. എനിക്കാപ്പദം

വിട്ടൊരു പൈതൃകസ്വത്തെന്തുള്ളു ?

ദേവി ജയലക്ഷ്മി പുൽകുവോന്നുർവ്വര

ജീവിതത്യാഗിക്കു വീരസ്വർഗ്ഗം.

കാന്ദിശീകന്നു നിരയവു; മേകിടും

പോർനിലം വില്ലാളിക്കേകലക്ഷ്യം;

മറ്റുള്ള ജീവികൾ ചാകിലും നൽകുന്നു

മുറ്റും തദ്ദേഹത്താൽ ലോകാഭീഷ്ടം ,

രോമവും , ചർമ്മവും , ശൃംഗവും മറ്റും - ത-

ദാമിഷംപോലും നമുക്കു കാമ്യം ,

പട്ടടക്കുണ്ടിനുപാഴ്വളമാവതു

കഷ്ടമേ ! മർത്ത്യന്റെ കായം മാത്രം

പ്രസ്പഷ്ടമോതുന്നുണ്ടന്യർക്കായ്ജീവിപ്പാൻ
ഹൃൽസ്പന്ദവ്യാജത്താലന്തര്യാമി

കേവലമെങ്ങു ഞാൻ പോകിലും കേൾക്കുന്ന-
താവാക്കിൻ മാറ്റൊലിയൊന്നുമാത്രം ,

കീർത്തിലതാവാസേകാർത്ഥിയായല്ല
പേർത്തും ഞാൻ വാർപ്പതുദാനതോയം

ഇക്കാര്യം കൊണ്ടെനിക്കപ്പ്ഫലമെത്തുന്നു
നിഷ്കാമഭക്തനു മുക്തിപോലെ.

കീർത്തിയെ-ഈശനും മൗലിയിൽ ചൂടുന്നോ-
രാദ്രിവ്യഗംഗയെ ആർ പഴിക്കും ?

യാതൊരു പുഷ്കലഹീരത്തിൻ സൂതിയാൽ
മേദിനി രത്നഗർഭാഖ്യയായി;

യാതൊരു ശ്വാശ്വതകർപ്പൂരദീപ്തിയാൽ

മേദിനി ദിവ്യഗന്ധാഢ്യയായി;

അക്കീർത്തിസഞ്ചയം ഭാരത്താൽ വീഴാതെ-

യിക്ഷിതി താങ്ങുമനന്തമൂർത്തി,

കാലത്താലല്പമായത്തീരാത്തപീയൂഷം.

കാലത്താൽ വാടാത്ത കല്പമാല്യം:

കാലമാം സ്വർഭാനു തീണ്ടാത്ത രാകേന്ദു;

കാലമാം കാലന്നു കൈലാസേശൻ:-

അച്ഛാ ! ഞാനായതു നേടുകിൽ നേടിനേ

നക്ഷയപാത്രസ്യമന്തകങ്ങൾ !

XXVII

"ആ മഹാൻ പ്രഹ്ലാദപൌത്രൻ ബലിയോടു

വാമനനായൊരു ദാനം വാങ്ങാൻ

ഇന്ദ്രാജാനുജൻ പണ്ടു വന്നാൻ ; തടസ്ഥമായ്

നിന്നാൻ ഗ്രഹോതാമൻ ശുക്രാചാര്യൻ,

ദാതാവു ഞാനിന്നു, യാചകൻ ദേവേന്ദ്രൻ;

ബാധകൻ സാക്ഷാൽ നവഗ്രഹേശൻ !

സാധുക്കളായുള്ള ഞങ്ങളെയീമട്ടിൽ

ജോതിഷ് പ്രകാണ്ഡങ്ങൾ ശോധിച്ചാലോ

മറ്റുമിബ്ഭുദ്രദേവി ധർമിഷ്ടയായി തീർനാൽ

മറ്റുള്ള ഗോളങ്ങൾക്കെന്തു ചേതം ?

വൈരോചനാദിത്യ മത്സര ക്രീഡയി-

ലാരു ജയിച്ചവ, നാരു തോറ്റോൻ ?

ദർപ്പത്തിൽ തൻ കുഴൽ വെച്ചാൻ ത്രിവിക്രമ -

നബ്ബലിതന്നുടെ മൌലിയിന്മേൽ;

എങ്കിലെ, ന്തക്കുഴൽ നൂതനസ്വാരാജ്യ -

തങ്കക്കിരീടമായ് തത്ര മിന്നി,

അക്കാഴ്ചകണ്ടുകണ്ടാശ്ചര്യവാദിയായ്
ചിൽകാതൽ നിൽക്കവേ ദേവലോകം

പാതാളത്തട്ടോളം താണുപോ, യെന്നല്ല
പാതാളം വിണ്ണോളം പൊങ്ങി താനും

സത്യവാക്കാകുകമത്ത്യാഗൈകശേവധി
മർദ്ധ്യമലോകത്തിൽ വാടാദ്ദീപം

ഇന്നലെശ്ശക്രനായ്, നാളെയും ശക്രനാം
ഇന്നു യശ്ശസ്സിനാൽ ശക്രശക്രൻ.

കാമമിന്നർജ്ജുനതാനതും കർണ്ണനെ-
യാമട്ടിൽ തോല്പിപ്പാനാശിക്കുന്നു

ഈയാച്ഞയൊന്നിനാൽ മാത്രം വിജിതനായ്-
പ്പോയാൽ ധനഞ്ജയൽ നൂനമെന്നാൽ.

നേരിട്ടാൽ നിശ്ചയം തോൽവിയെന്നോതിനാൻ :-
വേറിട്ടു പോരിനി വേണ്ടതുണ്ടോ ?

താനേ വന്നിങ്ങു യാചിച്ചാൽപോലും ഞാൻ
പ്രാണനും ദേഹവും നൽകിയേനേ,

അർജ്ജുനന്നാസ്ഥിതിക്കങ്ങെങ്ങോ ദൂരെ നി-
ന്നച്ഛനെയാനയിച്ചെന്തുകാര്യം ?

ജ്യേഷ്ഠനു കൈയിലൊരുത്തമപാത്രത്തെ-
ച്ചേർത്താനവരജൻ ദാനം നൽകാൻ

എന്നതു ചിന്തിച്ചാൽ കാര്യജ്ഞനാമ-
നെന്നുത്തമർണ്ണനാണെന്നു വന്നു.

ഞാനും സുയോധനരാജകുമാരനും
നൂനം പരസ്പരപ്രേമബദ്ധർ

എന്നാലുമെൻദാനവാർദ്ധിക്കു വേലയ-
ല്ലെന്നോമൽതോഴർതൽ മൈത്രീലക്ഷ്മി.

എൻവ്രതം ഭഞ്ജിച്ചു ധന്യയായ് തീരുവാൻ

ജന്മം നയിപ്പീലമ്മോഹിനിയാൾ.

നാലു തടിനികൾ പോറ്റുകമൂലമായ്

ബാലകൻ ഞാനൊരു രാജാവായി ;

ആക്കംപൂണ്ടെത്രനാൾ വാഴ്കിലുമന്ത്യത്തി ,

ലാക്കല്പസിന്ധുവിൽ മുങ്ങും താനും.

മദ്ധ്യത്തിലെന്നുടെ ദാനാഭിധാനയാം

മുക്തിദായകിയാ ജാഹ്നവിയിൽ

ആഹാ ! ഞാനോൻ പുകൾവെൺതാമരയ്ക്കൊരു

ദോഹദമായ് വീണാലാർക്കു നഷ്ടം ?

XXVIII

അക്ഷമനായി ഞാനാഖണ്ഡലന്നെന്റെ

ഭിക്ഷ നൽകീട്ടൊരു മർത്ത്യനാവാൻ

വ്യർത്ഥമെൻ കുണ്ഡലം രണ്ടും ശതക്രതു
വൃദ്ധശ്രവസ്സിങ്കൽ ചേർന്നിടട്ടെ-

മാർഗ്ഗണരോധകമാകുമെൻ കഞ്ചുകം
മാർഗ്ഗണപാണിയിൽ വീണിടട്ടേ.

മത്താത ! മൽഗുരോ ! മൽപ്രഥമാതിഥേ !
മദ്ദേവ ! മാർത്താണ്ഡ ! കൈതൊഴുന്നേൻ ;

കൈവണങ്ങീടുന്നേനീനൽസുദിനത്തെ-
യാവേദനം ചെയ്തോരങ്ങേ മേന്മേൽ.

ഇന്ദ്രനു ഞാനെന്നുമിദ്ദാനം നല്കിടൊ-
ല്ലെന്നല്ലീ നേർന്നതു ഭിക്ഷയായി ?

അബ്ഭിക്ഷ കൂടാതെ തീരില്ലെന്നുണ്ടെങ്കിൽ
കല്പിച്ചുകൊണ്ടാലും കാരുണ്യാത്മൻ!

എൻവലങ്കയ്യുണ്ടു വാളുണ്ടു , കണ്ഠമു-

ണ്ടന്വഹം മൂന്നും ഭവാന്നധീനം.

ഇത്തമോവല്ലികയിക്ഷണമിബ്ബാല-

മിത്രരക്താംശുവാൽ ദീപ്തമാകും.

ഉച്ചൈശ്ശ്രവസ്സൊരു കൂർമ്മമായ് മാറിന

വജ്രിക്കെൻ കഞ്ചുകകുണ്ഡലങ്ങൾ

ഏകട്ടെ-എൻചിതാവേദി ഹവിസ്സുകൾ-

വേഗത്തിൽകൊണ്ടുപോയ് ഹവ്യവാഹൻ.

XXIX

എന്നോതിഖഡ്ഗവും കൈയുമായ് നിൽക്കുന്ന

തന്നോമൽതങ്കത്തെദ്ധാമരാശി

പൗരുഷരൂപനെ, പ്രഖ്യാതിവിത്തനെ-

ബ്ഭാരതമേദിനീസന്താനത്തെ-

വീണ്ടുമേ വീണ്ടുമേ വീക്ഷിച്ചു ചൊല്ലിനാൻ

വേണ്ടപ്പൻ ! നിൻഭിക്ഷ വേണ്ട വേണ്ട !

വൈരോചനൻതന്നെ നീ മകനേ ! ദാനം -

വീരോചിതംതന്നെ നിന്റെ വാക്യം.

പുത്രിയായ്ത്തീർന്നേൻ ഞാൻ നിന്നാൽ ;എൻവർച്ചസ്സു

വർദ്ധിക്കുമാറായി നീ നിമിത്തം.

നിൻപാദം നില്പതു പാംസുവിലെങ്കിലും

നിൻമൗലിക്കിന്ദുതാൻ ചൂഡാരത്നം ,

ആരിൽ താനങ്കമില്ലായതു കാണുന്നു

സൂരനാമെന്നിലും സൂക്ഷ്മദർശി.

നിൻകീർത്തി പൊങ്ങുക; നിൻപേർ വിളങ്ങുക

നിർവിഘ്നം വെൽക നിൻ ദാനധർമ്മം

ഇക്കർണ്ണം കൈവിടും കഞ്ചുകം ലോകത്തിൻ

നൽക്കർണ്ണഭൂഷണമായ് ലസിക്കും

ഈമാറു കൈവിടും കഞ്ചുകം ലോകത്തിൻ

രോമാഞ്ചകഞ്ചുകമായ് വിളങ്ങും

എന്നോതിബ്ഭാസ്കരൻ പിന്നെയും കർണ്ണനെ-

ത്തന്നോടു ചേർത്തണച്ചാശ്ലേഷിക്കെ

അങ്ങുടനകാശവീഥിയിൽ നിന്നുണ്ടായ്

മംഗളമാമൊരു പുഷ്പവർഷം

വജ്രിക്കു മുന്നിലകമ്പടിവന്നതാ

മസ്സുനലസ്സുകളംഗഭൂവിൽ

അല്ലെങ്കിൽ വിണ്ണിലേ വൃക്ഷങ്ങൾ പൂക്കളാ-

ലർച്ചിച്ചതാവാമപ്പുണ്യവാനെ !

XXX

തൻദിനകാര്യാതിപാതത്താൽ മുന്നോട്ടും

നന്ദനപ്രേമത്താൽ പിന്നിലോട്ടും

ഒന്നുപോലപ്പുറമാകൃഷ്ടനായ് നിന്നാ-

നന്വർത്ഥനാമാവാം ചിത്രഭാനു ,

നക്ഷത്രയാമികർപൂർവാശാവക്ത്രത്തെ-

യക്ഷമരായ് നിന്നു നോക്കിടുന്നു ,

ഊരുക്കളില്ലാത്ത സൂതനു വൈകല്യം

വേറിട്ടും മെയ്ക്കേതാൻ പറ്റുകയോ ?

പംഗുക്കളാകയോ പച്ചക്കുതില്ക്ക-

ളെങ്ങർക്കൻ സാമയികാഗ്രയായി ?

പുത്രനെക്കാണ്മാൻ താൻപോകയോ ചെയ്തതീ

നിദ്രയ്ക്കു ജാഗരം വന്നീലല്ലോ

ഇത്തരമോരോന്നു വാനത്തിൽ പത്രികൾ

തദ്രുതവ്യാജത്താലോതിയോതി

തങ്ങളിൽ നോക്കുന്നു പേർത്തും പതങ്ഗൗഘ
സങ്കടം താൻ പതങ്ഗാന്തർദ്ധാനം

അർക്കനെന്തിത്രമേൽ വൈകുവാൻ ഹേതുവെ-
ന്നുൽക്കണ്ഠ കൈക്കൊണ്ടു നോക്കിനോക്കി

മേൽക്കുമേൽ കൂകുന്നു 'കൊക്കൊക്കോ' വദ്ദേവൻ
കേൾക്കുമാറുച്ചത്തിൽ കുക്കുടങ്ങൾ

പിന്നെയും പുത്രനെയാലിംഗനം ചെയ്തു
ധന്യരിൽ ധന്യനായ്ത്തന്നെയെണ്ണി

അച്ഛനാമാദിത്യനാകാശമെത്തിനാൻ
പശ്ചാദ്വിലോകനലോലനേത്രൻ

ശുഭം

# അണിയറയിൽ

മലയാളം വിക്കിഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്ത ലോകമെമ്പാടുമുള്ള നിരവധി മലയാളം വിക്കിഗ്രന്ഥശാല പ്രവർത്തകരാണു് ഈ ഇ-പുസ്തകത്തിന്റെ പിന്നിൽ. ഓരോരുത്തരെയായി പേരെടുത്ത് പറയാൻ സാങ്കേതിക പരിമിതിയും ഈ ഇ-പുസ്തകം നിർമ്മിക്കാനെടുത്ത കുറഞ്ഞ സമയവും അനുവദിക്കുന്നില്ല. വിക്കിഗ്രന്ഥശാല പ്രവർത്തകർക്ക് പുറമെ, മലയാളം വിക്കിഗ്രന്ഥശാലയുടെ പ്രാധാന്യം കണ്ടറിഞ്ഞ് പുസ്തകങ്ങളുടെ ഡിജിറ്റൽ പകർപ്പ് പങ്കു വെച്ചവർ, കൃതികൾ ഗ്രന്ഥശാലയ്ക്ക് അകത്തും പുറത്തും സംശോധനം (പ്രൂഫ് റീഡ്) ചെയ്തവർ, അങ്ങനെ നിരവധി പേരുടെ സംഭാവന ഈ ഇ-പുസ്തകത്തിന്റെ പിറകിൽ ഉണ്ട്. ഓരോ കൃതിയ്ക്കും പിറകിൽ പ്രവർത്തിച്ചവർ ആരൊക്കെയെന്ന് കാണാൻ വിക്കിഗ്രന്ഥശാലയിൽ ഈ കൃതിയുടെ സംവാദം താൾ നോക്കുകയോ, പ്രസ്തുത കൃതിയിൽ ഉൾപ്പെടുന്ന താളുകളുടെ നാൾവഴി കാണുകയോ ചെയ്യുക.

മലയാളം വിക്കിഗ്രന്ഥശാലയുടെ ആദ്യത്തെ ഇ-പുസ്തകം പുറത്തിറക്കുന്നതിൽ സഹകരിച്ച എല്ലാവർക്കും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

മലയാളം വിക്കിഗ്രന്ഥശാല ഉപയോക്തൃസമൂഹം

2013 ജനുവരി 15

# ഈ ഇ-പുസ്തകത്തിന്റെ പകർപ്പവകാശം

ഈ ഇ-പുസ്തകത്തിന്റെ ഉള്ളടക്കം മൊത്തമായോ ഭാഗികമായോ ക്രിയേറ്റീവ് കോമൺസ് ആട്രിബ്യൂഷൻ ഷെയർ-എലൈക് അൺപോർട്ടഡ് 3.0 അനുവാദപത്രം പ്രകാരം പകർപ്പെടുക്കാനും, വിതരണം ചെയ്യാനും, പങ്കു് വെക്കാനും താങ്കൾക്കു് അനുമതിയുണ്ടു്.

# ബാദ്ധ്യതാ നിരാകരണം

ഈ ഇ-പുസ്തകത്തിന്റെ പിന്നിൽ പ്രവർത്തിച്ചവർ സാധുത സംബന്ധിച്ച യാതൊരു ഉത്തരവാദിത്തവും വഹിക്കുന്നില്ല

മലയാള ഭാഷയിലോ ലിപിയിലോ പൊതു സഞ്ചയത്തിലുള്ള പുസ്തകങ്ങൾ, മറ്റ് സ്വതന്ത്ര കൃതികൾ എന്നിവ പൊതുശേഖരം എന്ന ഉദ്ദേശത്തോടെ സന്നദ്ധസേവകരായ വ്യക്തികൾ സഹകരിച്ചു് സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന സ്വതന്ത്ര ഓൺലൈൻ ഗ്രന്ഥശേഖരമാണു് വിക്കിഗ്രന്ഥശാല. വിക്കിഗ്രന്ഥശാലയിലെ സ്വതന്ത്ര ഗ്രന്ഥശേഖരത്തിലെ ഒരു പുസ്തകം മാത്രമാണ് ഭാഗമാണ് ഇത്. ഇന്റർനെറ്റ് സൗകര്യമുള്ള ആർക്കും തിരുത്താവുന്ന വിധത്തിലാണ് വിക്കിഗ്രന്ഥശാലയുടെ ഘടന. അതുകൊണ്ട് ഇതിലുള്ള ഗ്രന്ഥങ്ങൾ വിദഗ്ദ്ധർ പരിശോധിച്ച പൂർണ്ണവും, സൂക്ഷ്മവും, വിശ്വാസയോഗ്യവുമായ വിവരങ്ങളായിരിക്കണമെന്നില്ല.

മേൽപ്പറഞ്ഞിരിക്കുന്നതിനർത്ഥം ഇതിൽ നിന്നു് താങ്കൾക്ക് മൂല്യമുള്ളതും കൃത്യവുമായ വിവരങ്ങൾ ലഭിക്കുകയില്ല എന്നല്ല; മറിച്ച് താങ്കൾക്കാവശ്യമായ വിവരങ്ങളത്രയും ഇവിടെ നിന്ന് ലഭിക്കാനുമിടയുണ്ട്. എന്നിരുന്നാലും ഈ പുസ്തകത്തിന്റെ ഡിജിറ്റൈസേഷനു പിന്നിൽ പ്രവർത്തിച്ച മലയാളം വിക്കിഗ്രന്ഥശാല സമൂഹം ഈ പുസ്തകത്തിലുള്ള വിവരങ്ങളുടെ യാതൊരു ഗുണമേന്മാ ഉത്തരവാദിത്തവും വഹിക്കുന്നതല്ല. ഈ പുസ്തകത്തിലുള്ള വിവരങ്ങൾ താങ്കൾക്ക് ഉപയോഗപ്പെടുന്നുണ്ടെങ്കിൽ നല്ലത്, ഇല്ലെങ്കിൽ അതിനു് ആരും ഉത്തരവാദികളല്ല. മറ്റ് സമാന സംരംഭങ്ങളും ഇതേപോലുള്ള നിരാകരണങ്ങൾ നൽകുന്നുണ്ടെന്നു് ശ്രദ്ധിക്കുക.